(ബി) ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം ഇടപാടുകളെ സ്റ്റാമ്പ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കിയില്ലെങ്കിലും അവയുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ കുറവ് വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സ്റ്റാമ്പ് ഡ്യൂട്ടിയുടെ നിരക്കിൽ കുറവ് വരുത്തണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) ഭാഗപത്രം, ഇഷ്ടദാനം തുടങ്ങിയ കരണങ്ങളുടെ മുദ്രസലയിൽ കുറവു വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ആധാരങ്ങളിൽ ഫോട്ടോ പതിക്കൽ

126 [849] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, കെ. എ. ചന്ദ്രൻ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈമാറ്റം ചെയ്യുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളിൽ വസ്തു വിൽക്കുകയും വാങ്ങുകയും ചെയ്യുന്നവരുടെ ഫോട്ടോ പതിപ്പിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാം; ഈ രീതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇപ്രകാരം ചെയ്യുന്നതുകൊണ്ട് ബിനാമി ഇടപാടുകൾ തടയുവാനും ആൾമാറാട്ടം തടയുവാനും കഴിയും.

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മാള സബ് രജിസ്ട്രാർ ആഫീസിന്റെ കമ്പ്യൂട്ടർവൽക്കരണം

127 [850] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly